**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2305** **06-07-2022 - ൽ മറുപടിയ്ക്ക്**

**ലഹരിവിരുദ്ധ ക്യാമ്പയിനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | യുവതലമുറയെ ഗുരുതരമായി ബാധിക്കുന്ന പുത്തൻ ലഹരിപദാർത്ഥങ്ങൾ അതിർത്തി കടന്നുവരുന്നത് തടയുവാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; | (എ) | അതിർത്തി ചെക്ക് പോസ്റ്റുകളിൽ CCTV ക്യാമറകൾ സ്ഥാപിച്ചും, വയർലെസ് സംവിധാനം ഏർപ്പെടുത്തിയും ശക്തമായ വാഹന പരിശോധന നടത്തി വരുന്നു. കൂടാതെ സ്പെഷ്യൽ സ്ക്വാഡുകളും സ്ട്രൈക്കിംഗ് ഫോഴ്സ് പാർട്ടിയും അതിർത്തി പ്രദേശങ്ങളിൽ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. ശക്തമായ പരിശോധന മൂലം മയക്കുമരുന്നുകൾ വലിയതോതിൽ പിടികൂടിയിട്ടുണ്ട്. ട്രെയിൻ മാർഗ്ഗമുള്ള കടത്ത് തടയുന്നതിന് റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സുമായി ചേർന്നും, കടൽ മാർഗ്ഗമുള്ള കടത്തു തടയുന്നതിന് മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവരുമായി ചേർന്നും സംയുക്ത പരിശോധന നടത്തി വരുന്നു. |
| (ബി) | എം.ഡി.എം.എ. പോലുള്ള മയക്കുമരുന്നുകളുടെ ഉപയോഗം മൂലമുള്ള ഗുരുതരമായ പ്രത്യാഘാതങ്ങൾ യുവതലമുറയിലേക്ക് എത്തിക്കുവാൻ ക്യാമ്പയിനുകൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകുമോ? | (ബി) | എം.ഡി.എം.എ പോലുള്ള സിന്തറ്റിക് ഡ്രഗ്ഗുകൾ വിദ്യാർത്ഥികളിലേക്ക് എത്തിപ്പെടാതിരിക്കുന്നതിനും അത്തരം മയക്കുമരുന്നുകളുടെ ഉപയോഗം മൂലം സംഭവിക്കുന്ന ഗുരുതര പ്രത്യാഘാതങ്ങളെക്കുറിച്ചും സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങളെ കുറിച്ചുള്ള ശരിയായ അറിവ് കുട്ടികൾക്ക് പകരുന്നതിനും, ലഹരിയിൽ നിന്നും സ്വയം സംരക്ഷണം തീർക്കുന്ന അവസ്ഥ അവരിൽ വളർത്തിയെടുക്കുന്നതിനുമാണ് വിമുക്തി മിഷന്റെ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യമിടുന്നത്.<br><br>സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, പി.റ്റി.എ, സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് സന്നദ്ധ പ്രവർത്തകരുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു |

| | | | | |
|---|---|---|---|---|
| | | | | വരുന്നു. ഈ ക്ലബ്ബുകൾ വഴി ബോധവത്ക്കരണ ക്ലാസുകൾ, വിവിധ മത്സരങ്ങൾ, വിദ്യാർത്ഥികളിൽ ലഹരിക്കെതിരെ ചിന്ത ഉണർത്തുന്ന മറ്റ് പരിപാടികൾ എന്നിവ സംഘടിപ്പിച്ചു വരുന്നു.<br><br>ആരോഗ്യ സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജ് ക്യാമ്പസുകളിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസുകളിൽ “നേർക്കൂട്ടം” എന്ന പേരിൽ ഒരു കമ്മിറ്റിയും, കോളേജ് ഹോസ്റ്റലുകളിൽ “ശ്രദ്ധ” എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു.<br><br>വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുന്നതിനും സ്കൂൾ വിദ്യാഭ്യാസ കാലഘട്ടത്തിൽ തന്നെ വിദ്യാർത്ഥികളെ ലഹരി ഉയോഗിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ “ഉണർവ്” എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ലഹരി വസ്തുക്കളുടെ ദുരുപയോഗം ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ എങ്ങനെ നേരിടണമെന്നും, സഹപാഠികൾ, സുഹൃത്തുകൾ എന്നിവർ ലഹരിയിലേയ്ക്ക് പോകാതെ സംരക്ഷിക്കുന്നതിനെക്കുറിച്ചും, വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും യുവതലമുറയ്ക്ക് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും “കവചം” എന്ന പേരിൽ വിമുക്തി മിഷൻ ഒരു കൈപുസ്തകം തയ്യാറാക്കി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തുവരുന്നു.<br><br>വിദ്യാലയങ്ങൾ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ “ലഹരിമുക്തം വിദ്യാലയം” എന്ന പേരിലുള്ള ഒരു ക്യാമ്പയിൻ എക്സൈസ് വിമുക്തി മിഷന്റെ ഭാഗമായി സംഘടിപ്പിച്ചു വരുന്നു. ടി ക്യാമ്പയിന്റെ ഭാഗമായി എക്സൈസ് ഉദ്യോഗസ്ഥർ എം.ഡി.എം.എ ഉൾപ്പെടെയുള്ള മയക്കുമരുന്നുകളുടെ ദൂഷ്യവശങ്ങളെ കുറിച്ച് സ്കൂളുകളിൽ ബോധവത്ക്കരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ